K21P 0478

Reg. No.: ...............................

Name : ...................................

# First Semester M.A. Degree (CBSS – Reg./Suppl. (Including Mercy Chance)/Imp.) Examination, October 2020
## (2014 Admission Onwards)
## MALAYALAM LANGUAGE AND LITERATURE
## MAL 1C 03 : Short Story Literature

Time : 3 Hours Max. Marks : 80

I. **ഈരണ്ടു** പുറത്തിൽ കവിയാതെ **എല്ലാ** ചോദ്യത്തിനും ഉത്തരമെഴുതുക.

1) ''മരത്തോക്കിനു മണ്ണുണ്ട. എനിക്ക് പറ്റിയ ഭാര്യ നീ തന്നെയാണ് ''. സന്ദർഭമേത് ?

2) ''മിണ്ടണ്ട. നാട്ടിൽ പോയി എന്നു പറഞ്ഞാൽ മതി'' ആരുടേതാണ് ഈ വാക്കുകൾ ?

3) ''കഞ്ചാവല്ല, ഏതു പാഷാണം തന്നെയായാലും എനിക്കെന്താണ്'' ? സൂചിതാർത്ഥം വ്യക്തമാക്കുക.

4) ''ഈശോ, നീ ഞങ്ങൾക്കു കരുണ ചെയ്യുവാൻ അവസരം തരുന്നു.'' മഠത്തിലെ സിസ്റ്റർ ഇപ്രകാരം പറയാനുള്ള രാഷ്ട്രീയ സാഹചര്യമെന്തായിരുന്നു ?

5) ''ആയിരത്തിതൊള്ളായിരത്തി പതിനേഴിൽ ചേറായിൽ ഇതുപോലൊരു ശാപ്പാട് നടത്തിട്ടുണ്ട്'' – വിവക്ഷ എന്ത് ? **(5×4=20)**

II. **നന്നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

6) a) ഇ. വി. കഥകളിലെ ഹാസ്യത്തിന്റെ നാനാർത്ഥങ്ങൾ ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

b) മൂർക്കോത്തു കുമാരന്റെ ആദ്യകാലകഥകളുടെ പ്രത്യേകതകൾ വിശദമാക്കുക.

7) a) 'ഞാൻ കൈയിലുണ്ടായിരുന്ന 'പോക്കറ്റു ലാമ്പ്' തെളിയിച്ച് അഴിയിലൂടെ നോക്കിയപ്പോൾ പൈശാചികമായ ഒരു സത്വം പരലോക യാത്രയ്ക്കു ടിക്കറ്റുവാങ്ങി കാത്തു കിടക്കുകയാണെന്നു മനസ്സിലായി'. ആരെയാണ് കഥാകാരൻ കണ്ടത് ? സന്ദർഭം വിശദീകരിക്കുക.

**അല്ലെങ്കിൽ**

b) ''അദ്ധ്യാപകരെക്കുറിച്ചുള്ള കാരൂരിന്റെ എല്ലാ കഥകളും അവരുടെ ദാരിദ്ര്യ ദു:ഖത്തിലേക്കാണ് നയിക്കുന്നത് '' – പാഠ്യഭാഗത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

P.T.O.

8) a) എം. ടി. കഥകളിലെ പുരുഷ കഥാപാത്രങ്ങളിൽ വന്ന അപവാദ സമീപനത്തിനുദാഹരണമാണ് പ്രൊഫസർ ഗോപാലൻകുട്ടി – നിരൂപിക്കുക.

**അല്ലെങ്കിൽ**

b) എഴുത്തുകാരികൾ ജീവിതത്തിൽ നേരിടേണ്ടിവരുന്ന വെല്ലുവിളികളാണ് 'ലോകം ഒരു കവയത്രിയെ നിർമ്മിക്കുന്നു' എന്ന കഥ. ശരിയോ ? സ്വമതം സ്ഥാപിക്കുക.

9) a) ''ചെമ്മണ്ണിൽ വളർന്ന എനിക്ക് കോൺക്രീറ്റിൽ ജനിച്ച ഒരു കുട്ടിയോടു പെരുമാറാൻ അറിഞ്ഞു കൂടാ'' – സാരസ്യം വ്യക്തമാക്കുക.

**അല്ലെങ്കിൽ**

b) സമകാലീന ലോകത്തിൽ തിരക്കിനിടയിൽപ്പെട്ട് യാന്ത്രികമായി പോകുന്ന മനുഷ്യജീവിതങ്ങളുടെ വൈകാരിക തലങ്ങളെയാണ് 'ഇരിക്കപിണ്ഡം' പ്രതിനിധാനം ചെയ്യുന്നത് – വിശദീകരിക്കുക.

10) a) ശരീരവില്പനക്കാരിയുടെ മനോഗതങ്ങളെ സമർത്ഥമായി അവതരിപ്പിക്കുന്നതിൽ ഗീതാഹിരണ്യൻ വിജയിച്ചിട്ടുണ്ടോ ? ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

b) ''ഇതിന് ഒരച്ഛന്റെ ബലമുണ്ട്. ഇതിന്റെ പേരാണ് 'തന്തത്താഴ്'. നിരൂപിക്കുക.

**(5×6=30)**

III. ഓരോന്നും ആറു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

11) a) ചെറുകഥാ പ്രസ്ഥാനം മലയാളത്തിൽ സജീവമാകാൻ ഇടയായ സാഹചര്യത്തെക്കുറിച്ച് ഉപന്യസിക്കുക.

**അല്ലെങ്കിൽ**

b) ആദ്യകാല മലയാള കഥകളിലെ കൊളോണിയൽ ആശയ പരിസരങ്ങൾ മാതൃകകൾ മുൻനിർത്തി വിശകലനം ചെയ്യുക.

12) a) സമൂഹത്തിന്റെ പ്രതിഫലനമാണ് സാഹിത്യം എന്നതിനു ഏറ്റവും മികച്ച ഉദാഹരണമാണ് നവോത്ഥാനകാല കഥകൾ – വിശദീകരിക്കുക.

**അല്ലെങ്കിൽ**

b) 'മനുഷ്യരുടെയും അവരുടെ സാമൂഹ്യാവസ്ഥകളുടെയും ആഴങ്ങളിലേക്ക് അനുവാചകനെ കൊണ്ടുപോകാനുള്ള ശ്രമമാണ് ടി. കെ. സി. വടുതല, കേശവദേവ് എന്നിവരുടെ കഥകളിൽ ' – സമർത്ഥിക്കുക.

13) a) ആധുനികതയെ ഏറെ സ്വാധീനിച്ച രണ്ടു ചിന്തകളാണ് അസ്തിത്വവാദവും അന്യവത്കരണവും. വിശദീകരിക്കുക.

**അല്ലെങ്കിൽ**

b) സമകാലീന കഥകളുടെ പൊതു സവിശേഷതകൾ ഉദാഹരണസഹിതം പരിശോധിക്കുക.

**(3×10=30)**